ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998

## (1998-ലെ 17-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE LOTTERIES (REGULATION) ACT, 1998

## (ACT No. 17 OF 1998)

(As on 26th September, 2002)

വില : രൂപ 16. 00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2006.

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998 (1998-ലെ 17-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 2-ാം വാല്യം 1-ാം നമ്പരായി 60 മുതൽ 62 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Lotteries (Regulation) Act, 1998 (Act 17 of 1998) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 2, No. I dated 7th July, 2003 on pages 60 to 62.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3238/06/DTP.

# ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998
## (1998-ലെ 17-ാം നമ്പർ ആക്റ്റ്)

### വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവചനങ്ങൾ | 1 |
| 3. | ലോട്ടറികളുടെ നിരോധനം | 1 |
| 4. | ഏതെല്ലാം നിബന്ധനകൾക്ക് വിധേയമായി ലോട്ടറികൾ സംഘടിപ്പിക്കുക മുതലായവ ചെയ്യാമെന്ന് | 1 |
| 5. | സംസ്ഥാനത്തിനകത്ത് ടിക്കറ്റുകളുടെ വിൽപനയ്ക്ക് നിരോധനം | 2 |
| 6. | ലോട്ടറിയുടെ സംഘടിപ്പിക്കൽ മുതലായവയുടെ നിരോധനം | 2 |
| 7. | ദണ്ഡനം | 2 |
| 8. | കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യമനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുമെന്ന് | 3 |
| 9. | കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ | 3 |
| 10. | നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം | 3 |
| 11. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം | 3 |
| 12. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം | 4 |
| 13. | റദ്ദാക്കലും ഒഴിവാക്കലും | 4 |

# ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998

## (1998-ലെ 17-ാം നമ്പർ ആക്റ്റ്)

[1998 ജൂലൈ, 7]

*ലോട്ടറികൾ ക്രമപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ കാര്യങ്ങൾ വ്യവസ്ഥചെയ്യുന്നതിനും ഉള്ള*

*ഒരു*

*ആക്റ്റ്*

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിഒമ്പതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ***ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.***—(1) ഈ ആക്റ്റിന് ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1997 ഒക്ടോബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. ***നിർവചനങ്ങൾ.***—ഈ ആക്റ്റിൽ, വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "ലോട്ടറിയുടെ ബമ്പർ നറുക്കെടുപ്പ്" എന്നാൽ ഏതെങ്കിലും ഉൽസവത്തിനോ ഉൽസവകാലത്തോ അല്ലെങ്കിൽ മറ്റ് വിശേഷ അവസരത്തിലോ നടത്തുന്നതും ലോട്ടറികളുടെ മറ്റ് സാധാരണ നറുക്കെടുപ്പിന്റെ സംഗതിയിൽ ഓഫർ ചെയ്യുന്ന സമ്മാനത്തുകയേക്കാൾ കൂടിയ സമ്മാനത്തുക ഓഫർ ചെയ്യുന്നതും ആയ ലോട്ടറിയുടെ വിശേഷാൽ നറുക്കെടുപ്പ് എന്നർത്ഥമാകുന്നു;

(ഖ) "ലോട്ടറി" എന്നാൽ എന്തൊക്കെ രൂപത്തിലും എന്തൊക്കെ പേരിലും പറയപ്പെട്ടാലും, ടിക്കറ്റുകൾ വാങ്ങുന്നതുവഴി സമ്മാനത്തിനുള്ള ഒരു ഭാഗ്യപരീക്ഷണത്തിൽ പങ്കെടുക്കുന്ന ആളുകൾക്ക് നറുക്കെടുപ്പിലൂടെയോ ഭാഗ്യപരീക്ഷണത്തിലൂടെയോ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(ഗ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

3. ***ലോട്ടറികളുടെ നിരോധനം.***—4-ാം വകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, യാതൊരു സംസ്ഥാന സർക്കാരും ഏതെങ്കിലും ലോട്ടറി സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

4. ***ഏതെല്ലാം നിബന്ധനകൾക്ക് വിധേയമായി ലോട്ടറികൾ സംഘടിപ്പിക്കുക മുതലായവ ചെയ്യാമെന്ന്.***—ഒരു സംസ്ഥാനസർക്കാരിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു ലോട്ടറി സംഘടിപ്പിക്കുകയോ, നടത്തുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യാവുന്നതാണ്, അതായത്:—

(ക) മുൻകൂട്ടി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നമ്പരിൻമേലോ ഒരു ഒറ്റ അക്കത്തിൻെറ അടിസ്ഥാനത്തിലോ സമ്മാനങ്ങൾ ഓഫർ ചെയ്യാൻ പാടുള്ളതല്ല;

(ഖ) സംസ്ഥാനസർക്കാർ, ലോട്ടറി ടിക്കറ്റിന്റെ പ്രാമാണികത ഉറപ്പുവരുത്തുന്ന രീതിയിൽ സംസ്ഥാനത്തിന്റെ പേരും മുദ്രയും ഉള്ള ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കേണ്ടതാണ്;

(ഗ) സംസ്ഥാനസർക്കാർ നേരിട്ടോ അല്ലെങ്കിൽ വിതരണക്കാരോ വിൽപന ഏജന്റുമാരോ മുഖേനയോ ടിക്കറ്റുകൾ വിൽക്കേണ്ടതാണ്;

(ഘ) ലോട്ടറി ടിക്കറ്റുകളുടെ വില്പനയിൽ കിട്ടിയതുക സംസ്ഥാനത്തിന്റെ പൊതുകണക്കിൽ വരവ് വയ്ക്കേണ്ടതാണ്;

(ങ) എല്ലാ ലോട്ടറികളുടെയും നറുക്കെടുപ്പുകൾ സംസ്ഥാനസർക്കാർ തന്നെ നടത്തേണ്ടതാണ്;

(ച) സംസ്ഥാനസർക്കാർ നിർണ്ണയിക്കുന്നപ്രകാരമുള്ള സമയത്തിനുള്ളിൽ അവകാശപ്പെടാത്തതോ മറ്റു വിധത്തിൽ വിതരണം ചെയ്യാത്തതോ ആയ സമ്മാനത്തുക ആ സർക്കാരിന്റെ സ്വത്തായിത്തീരുന്നതാണ്;

(ഛ) നറുക്കെടുപ്പിന്റെ സ്ഥലം ബന്ധപ്പെട്ട സംസ്ഥാനത്തിനുള്ളിൽ സ്ഥിതി ചെയ്യേണ്ടതാണ്;

(ജ) യാതൊരു ലോട്ടറിക്കും ആഴ്ചയിൽ ഒന്നിൽ കൂടുതൽ നറുക്കെടുപ്പ് ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

(ഝ) സംസ്ഥാനസർക്കാർ നിർണ്ണയിക്കുന്ന ദിവസത്തെ അങ്ങനെയുള്ള സമയത്തിനിടയ്ക്ക് എല്ലാവിധ നറുക്കെടുപ്പുകളും നടത്തേണ്ടതാണ്;

(ഞ) യാതൊരു ലോട്ടറിയുടെയും ബമ്പർ നറുക്കെടുപ്പിന്റെ എണ്ണം ഒരു കലണ്ടർ വർഷത്തിൽ ആറിൽ കവിയാൻ പാടുള്ളതല്ല;

(ട) കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള മറ്റു നിബന്ധനകൾ.

5. *സംസ്ഥാനത്തിനകത്ത് ടിക്കറ്റുകളുടെ വില്പനയ്ക്ക് നിരോധനം.*—ഒരു സംസ്ഥാന സർക്കാരിന്, സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും സംസ്ഥാനം സംഘടിപ്പിക്കുന്നതോ നടത്തുന്നതോ പ്രോൽസാഹിപ്പിക്കുന്നതോ ആയ ഒരു ലോട്ടറിയുടെ ടിക്കറ്റുകളുടെ വില്പന നിരോധിക്കാവുന്നതാണ്.

6. *ലോട്ടറിയുടെ സംഘടിപ്പിക്കൽ മുതലായവയുടെ നിരോധനം.*—കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, 4-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതോ നടത്തുന്നതോ പ്രോൽസാഹിപ്പിക്കുന്നതോ ആയ ഒരു ലോട്ടറിയോ അല്ലെങ്കിൽ 5-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ടിക്കറ്റുകൾ വിൽക്കപ്പെടുന്ന അങ്ങനെയുള്ള ലോട്ടറിയോ നിരോധിക്കാവുന്നതാണ്.

7. *ദണ്ഡനം.*—(1) ഈ ആക്റ്റിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ച തീയതിക്കുശേഷം, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പ് ഒരു ലോട്ടറി സംഘടിപ്പിക്കുയോ നടത്തുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നിടത്ത്, ആ വകുപ്പിന്റെ അദ്ധ്യക്ഷൻ രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിന തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള വകുപ്പദ്ധ്യക്ഷനെ, ലംഘനം നടത്തിയിട്ടുള്ളത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ലംഘനം നടത്തുന്നത് തടയാൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ അക്റ്റിൻകീഴിലെ ഒരു ലംഘനം സർക്കാരിന്റെ ഒരു വകുപ്പ് നടത്തിയിരിക്കുകയും, ആ ലംഘനം വകുപ്പ് മേധാവിയല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി അല്ലെങ്കിൽ അയാളുടെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ കൂടി ആ ലംഘനത്തിന് കുറ്റക്കാരനായി കരുതപ്പെടുന്നതും എതിരായി നടപടിക്ക് എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

(3) ഏതെങ്കിലും ആൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതോ നടത്തുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഏതെങ്കിലും ലോട്ടറിയിൽ ഏജന്റോ പ്രമോട്ടറോ വ്യാപാരിയോ ആയി പ്രവർത്തിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ലോട്ടറിയുടെ ടിക്കറ്റുകൾ വിൽക്കുകയോ വിതരണം ചെയ്യുകയോ വാങ്ങുകയോ ചെയ്യുന്നുവെങ്കിൽ അയാൾ രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**8.** ***കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യമനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുമെന്ന്.***— ഈ ആക്റ്റിൻകീഴിലെ കുറ്റം കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുന്നതാണ്.

**9.** ***കമ്പനികളാലുള്ള കുററങ്ങൾ.***— (1) ഈ ആക്റ്റിൻകീഴിലെ ഒരുകുററം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് കമ്പനിക്ക് പുറമേ ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിലടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവു കൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ട ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റു ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നും അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുമുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആണ്.

***വിശദീകരണം.***—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച് ആ ഫേമിന്റെ പങ്കാളി എന്നർത്ഥമാകുന്നതും, ആകുന്നു.

**10.** ***നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.***—കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടമോ ഉത്തരവോ സംസ്ഥാനത്ത് നടപ്പിലാക്കുന്നതു സംബന്ധിച്ച്, സംസ്ഥാനസർക്കാരിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

**11.** ***ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

12. ***ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാനസർക്കാരിനുള്ള അധികാരം.***—(1) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ അതായത്:—

(ക) 4-ാം വകുപ്പ് (ച) ഖണ്ഡത്തിൻകീഴിൽ സമ്മാനത്തുക അവകാശപ്പെടുത്തുന്നതിന് വേണ്ടിയുള്ള സമയം നിജപ്പെടുത്തേണ്ടതിനും;

(ഖ) 4-ാം വകുപ്പ് (ഢ) ഖണ്ഡപ്രകാരം എല്ലാ ലോട്ടറികളുടെയും നറുക്കെടുപ്പിനുള്ള കാലാവധി നിശ്ചയിക്കുന്നതിനും;

(ഗ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയത്തിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ സംസ്ഥാനസർക്കാർ, ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ, അത് രണ്ട് സഭകളടങ്ങിയിരിക്കുന്നിടത്ത്, ഓരോ സഭയുടെയും മുമ്പാകെയോ അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലം ഒരു സഭ അടങ്ങിയതായിരിക്കുന്നിടത്ത് ആ സഭയുടെ മുമ്പാകെയോ വയ്ക്കേണ്ടതാണ്.

13. ***റദ്ദാക്കലും ഒഴിവാക്കലും.***—(1) ലോട്ടറികൾ (ക്രമപ്പെടുത്തൽ) ഓർഡിനൻസ്, 1998 (1998-ലെ 6-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസുപ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലുമോ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാകുന്നു.

# THE LOTTERIES (REGULATION) ACT, 1998
## (ACT No. 17 OF 1998)

## ലോട്ടറികൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1998
### (1998-ലെ 17-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | |
|---|---|---|
| Bumper draw of lottery | ലോട്ടറിയുടെ ബമ്പർ നറുക്കെടുപ്പ് | Sec. 2 (a) |
| Imprint and Logo | പേരും മുദ്രയും | Sec. 4 (b) |
| Prize money | സമ്മാനത്തുക | Sec. 2 (a) |

---